# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5722 — 02.07.2019-ൽ മറുപടിയ്ക്ക്.

## ക്ഷീരവികസന വകുപ്പ് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. ജോർജ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര ക്ഷീര സഹകരണ സ്ഥാപനങ്ങൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്ത് 3673 ക്ഷീരസഹകരണ സ്ഥാപനങ്ങൾ നിലവിലുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. തീറ്റപ്പുൽകൃഷി വികസന പദ്ധതി<br>2. കാലിത്തീറ്റ സബ്സിഡി<br>3. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം<br>a) ക്ഷീരഗ്രാമംപദ്ധതി<br>b) ഡെയറി സോൺ<br>c) അവശ്യാധിഷ്ഠിത സഹായം<br>d) യന്ത്രവത്കരണം<br>e) കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം<br>f) ഹീഫർ പാർക്ക്<br>4. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം<br>5. സമഗ്ര ഇൻഷുറൻസ് പദ്ധതി<br>6. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി<br>കൂടാതെ, ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, അപകട മരണത്തിനുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവാർഡ് എന്നിവയും നൽകിവരുന്നു.<br>സംസ്ഥാനത്ത് ആദ്യമായി ക്ഷീരകർഷകർക്കായി 5 കോടി രൂപയുടെ കടാശ്വാസ പദ്ധതി നടപ്പാക്കുകയും ക്ഷീരകർഷകരുടെ പ്രധാനപ്രശ്നമായ വർദ്ധിച്ച തീറ്റ ചെലവ് കുറയ്ക്കുന്നതിനായി തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനായി സർക്കാർ, അർദ്ധസർക്കാർ, |

സ്വകാര്യവ്യക്തികൾ വശം തരിശായി കിടക്കുന്ന സ്ഥലം കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തി കർഷകർക്ക് തീറ്റപ്പുല്ല് ക്ഷീരസംഘങ്ങൾ മുഖേന ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി. ഉരുക്കളേയും കർഷകരേയും കുടുംബാംഗങ്ങളേയും ഉൾപ്പെടുത്തി സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കാലിത്തീറ്റ/മിൽക്ക് ഇൻസെന്റീവ് ഉൾപ്പെടെ കർഷകർക്ക് ആവശ്യമായ പദ്ധതികൾ പ്രാദേശിക തലത്തിൽ നടപ്പിലാക്കി വരുന്നുണ്ട്

| | |
|---|---|
| (സി) ക്ഷീരവികസന വകുപ്പ് കേന്ദ്ര സർക്കാരിന്റെ ഏതെല്ലാം പദ്ധതികളാണ് കേരളത്തിൽ നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ? | (സി) നിലവിൽ കേന്ദ്ര സർക്കാരിന്റെ പദ്ധതികൾ ഒന്നുംതന്നെ കേരളത്തിൽ ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

# DAIRY DEVELOPMENT DEPARTMENT, KERALA

## NO. OF DAIRY CO-OPERATIVE SOCIETIES AS ON 31-08-2018

| Region | District | DAIRY CO-OPERATIVE SOCIETIES | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | As on 31-07-2018 | | | Liquidation | | Registered during June 2018 | | 31-08-2018 | | |
| | | APCOS | Traditional | Total | APCOS | Traditional | APCOS | Bye-Law Amended | APCOS | Traditional | Total |
| TRIVANDRUM | Trivandrum | 344 | 78 | 422 | 0 | 0 | 0 | 0 | 344 | 78 | 422 |
| | Kollam | 283 | 62 | 345 | 0 | 0 | 0 | 0 | 283 | 62 | 345 |
| | Pathanamthitta | 188 | 16 | 204 | 0 | 0 | 0 | 0 | 188 | 16 | 204 |
| | Alappuzha | 248 | 21 | 269 | 0 | 0 | 0 | 0 | 248 | 21 | 269 |
| ERNAKULAM | Kottayam | 256 | 26 | 282 | 2 | 0 | 1 | 0 | 255 | 26 | 281 |
| | Idukki | 197 | 13 | 210 | 0 | 0 | 0 | 0 | 197 | 13 | 210 |
| | Ernakulam | 326 | 14 | 340 | 0 | 0 | 0 | 0 | 326 | 14 | 340 |
| | Thrissur | 232 | 59 | 291 | 0 | 0 | 0 | 0 | 232 | 59 | 291 |
| MALABAR | Palakkad | 329 | 21 | 350 | 0 | 0 | 0 | 0 | 329 | 21 | 350 |
| | Malappuram | 259 | 27 | 286 | 0 | 0 | 0 | 0 | 259 | 27 | 286 |
| | Kozhikode | 237 | 15 | 252 | 0 | 0 | 1 | 0 | 238 | 15 | 253 |
| | Wayanad | 54 | 2 | 56 | 0 | 0 | 0 | 0 | 54 | 2 | 56 |
| | Kannur | 169 | 54 | 223 | 0 | 0 | 0 | 0 | 169 | 54 | 223 |
| | Kasaragod | 136 | 7 | 143 | 0 | 0 | 0 | 0 | 136 | 7 | 143 |
| **TOTAL** | | **3258** | **415** | **3673** | **2** | **0** | **2** | **0** | **3258** | **415** | **3673** |

സെക്ഷൻ ഓഫീസർ